# നീരയ്ക്ക് വിദേശത്തുനിന്ന് വൻ ഡിമാൻഡ് – ടി.കെ. ജോസ് IAS



**വി**ദേശത്തുനിന്ന് നീരയ്ക്ക് വൻ ഡിമാൻഡാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് IAS പറഞ്ഞു. കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയുടെ പ്ലാന്റിന്റെ ഉദ്ഘാടനച്ചടങ്ങിൽ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 40 ടൺ നീരയടങ്ങുന്ന 24 കണ്ടെയ്നർ സ്വിറ്റ്സർലൻഡ്, നെതർലൻഡ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനുള്ള കരാർ റാം മോഹൻ എന്ന യുവ സംരംഭകന് ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ കമ്പനികൾക്കും ലൈസൻസ് നൽകിയാലും ഡിമാൻഡിനനുസരിച്ച് നീര നൽകാനാവില്ല. 7.5 കോടി രൂപ മൂല്യമുള്ള പദ്ധതിക്ക് കർഷക കൂട്ടായ്മകളിൽ നിന്ന് 5 കോടി കണ്ടെത്തിയിട്ടുണ്ട്. 1.5 കോടി രൂപ ബാങ്കിൽ നിന്ന് വായ്പയെടുക്കുകയും 50 ലക്ഷം രൂപ നാളികേരവികസന ബോർഡിൽ നിന്ന് ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ആരോഗ്യ പാനീയമെന്ന നിലയിൽ നീരയും നീരയിൽ നിന്നുള്ള മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളായ നീര ഷുഗർ, നീര ഹണി, നീര മധുരം ചേർത്ത മറ്റ് പലഹാരങ്ങൾ, നീര കേക്ക്, നീര ഐസ്ക്രീം തുടങ്ങിയവയും കൈപ്പുഴ കമ്പനി വിപണിയിലെത്തിക്കും. ഇത് ദേശീയ, അന്തർദേശീയ വിപണികളിൽ എത്തിക്കുക എന്നതാണ് അടുത്ത ലക്ഷ്യം. കളമശ്ശേരി എസ്.സി.എം.എസ്സിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് കൈപ്പുഴ കമ്പനി നീര സംസ്കരിച്ച് കേടുകൂടാതെ സൂക്ഷിച്ച് ബോട്ടിലുകളിലാക്കി വിപണിയിലെത്തിക്കുന്നത്. പ്രതിദിനം 10,000ലിറ്റർ നീര സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണ് യൂണിറ്റിനുള്ളത്.




